നം. 25819/പാർല/2018/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2783** **07.12.2018 - ൽ മറുപടിക്ക്**

**അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്തിരുന്ന മന്ത്രിമാർ**

**ചോദ്യം**

ശ്രീ. കെ. എം. മാണി

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലെ മന്ത്രിമാരിൽ എത്ര പേരാണ് അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്തിരുന്നതെന്നും അവർ ആരെല്ലാമാണെന്നും അറിവുണ്ടോ; എങ്കിൽ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | 1.ബഹു. പട്ടികജാതി പട്ടിക വർഗ്ഗപിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പു മന്ത്രി ശ്രീ. എ.കെ. ബാലൻ<br>2.ബഹു. കൃഷി മന്ത്രി ശ്രീ. വി. എസ് സുനിൽകുമാർ<br>3. ബഹു. വനംവന്യ ജീവി, മൃഗസംരക്ഷണം, ക്ഷീര വികസനം, മൃഗശാല വകുപ്പ് മന്ത്രി ശ്രീ. കെ.രാജു |
| (ബി) | ഇവർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് മുൻപ് സന്നത് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ബാർ കൗൺസിൽ സന്നത് സസ്പെൻഡ് ചെയ്തതെന്ന് അറിയിക്കുമോ; | മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യതോടു കൂടി ഇവർ സന്നത് സസ്പെൻറ് ചെയ്തിട്ടുണ്ട്. |
| (സി) | നിലവിലെ അഡ്വക്കേറ്റ്സ് ആക്ട് അനുസരിച്ച് സന്നത് സസ്പെൻഡ് ചെയ്താൽ അഡ്വക്കേറ്റ് എന്ന് പേരിനോടൊപ്പം ചേർക്കാമോ; | സന്നത് സസ്പെൻറ് ചെയ്തു കഴിഞ്ഞാൽ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യരുതെന്ന് വ്യവസ്ഥയുണ്ടെങ്കിലും അഡ്വക്കേറ്റ് എന്ന് പേരിനോടൊപ്പം ചേർക്കരുതെന്ന് വ്യക്ത മായി വ്യവസ്ഥ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| (ഡി) | നിലവിലെ രണ്ട് മന്ത്രിമാർ സർക്കാർ ഡയറിയിലും അവരുടെ വസതികളിലും അഡ്വക്കേറ്റ് എന്ന് പേരിനോടൊപ്പം കാണിച്ച് ഇരട്ട പദവി വഹിക്കുന്നതായി സർക്കാരിന്റെയും ബാർ കൗൺസിലിന്റേയും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തതോടു കൂടി പ്രാക്ടീസ് അവസാനിപ്പിച്ചിട്ടുണ്ടുവെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇരട്ട പദവി വഹിക്കുന്നില്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ